"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം-01,

നമ്പർ:ഇ2/22709/2013 തീയതി:19.10.2014.

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - "മെയിന്റനൻസ് ഫീ" ഫണ്ട് ഉപയോഗിച്ച് ഉപകരണ സംഭരണം - സംബന്ധിച്ച്.

സൂചന:- 1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1722/94/തൊഴിൽ തീയതി 23.07.1994.
2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 656/95/തൊഴിൽ തീയതി 18.03.1995.

**********

ഈ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളിലെ ട്രെയിനികളിൽ നിന്നും മെയിന്റനൻസ് ഫീ ഇനത്തിൽ ശേഖരിക്കുന്ന തുകയിൽ നിന്നും ട്രെയിനിംഗിനാവശ്യമായ റേഡിയോ കിറ്റ്, ടി.വി. കിറ്റ്, വെൽഡിംഗ് ഇലക്ട്രോഡ്സ്, ഹാക്സാ ബ്ലേഡ്, എം.എസ് ഐറ്റംസ്, സ്വിച്ച്, ബൾബ് വിവിധതരം ഓയിലുകൾ എന്നിവ സംഭരിക്കുന്നതിന് സൂചന (1), (2) ഉത്തരവുകൾ പ്രകാരം സർക്കാരിൽ നിന്നും അനുമതി നൽകി ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ 15000/- രൂപ വരെ വിലയുള്ള പ്രസ്തുത ഉപകരണങ്ങൾ മെയിന്റനൻസ് ഫീ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക ചെലവഴിച്ച് സംഭരിക്കുന്നതിനുള്ള നടപടികൾ അതാത് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തന്നെ ഇനി മുതൽ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ കർശനമായും പാലിച്ചുകൊണ്ട് സ്വീകരിക്കേണ്ടതാണ്.

15000/- രൂപ വരെയുള്ള മേൽ പറഞ്ഞ രീതിയിലുള്ള ഉപകരണങ്ങൾ സംഭരണാനുമതിക്ക് വേണ്ടി ഈ കാര്യാലയത്തിൽ അയക്കേണ്ടതില്ല.

അഡീഷണൽ ഡയറക്ടർ
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും, ഐ.ടി.മാർക്കും.

വകർപ്പ്:-
AO II/JS(E)/JS(D)/എല്ലാ പർച്ചേസ് സെക്ഷൻ ക്ലാർക്കുമാർക്കും,
സംഭരണ ഫയൽ ഇ2, വെബ്സൈറ്റ്.

ആർ.ഇ.20.10.14